● നയതന്ത്ര സ്വർണക്കടത്ത്

പരസ്പരമറിയുന്നത് നാലുപേർ; ആരെയും അറിയില്ലെന്നു കണ്ണികൾ

● ജെബി പോൾ
കൊച്ചി

നയതന്ത്ര സ്വർണക്കടത്തു കേസിൽ പരസ്പരം അറിയുന്നത് ആദ്യത്തെ നാലു പ്രതികൾക്കു മാത്രമെന്ന് വെളിപ്പെടുത്തൽ. തങ്ങൾ പണംകൊടുത്ത ആളെ മാത്രമേ പരിചയമുള്ളൂവെന്നാണ് മറ്റു പ്രതികളുടെ മൊഴി. ഇതോടെ പ്രതികൾ തമ്മിലുള്ള പരസ്പരബന്ധം തെളിയിക്കാൻ കോൾ ഡേറ്റ ഉൾപ്പെടെ കൂടുതൽ തെളിവുകൾ തേടി അന്വേഷണസംഘം.

ഒന്നാം പ്രതി സരിത്ത്, രണ്ടാം പ്രതി സ്വപ്ന, മൂന്നാം പ്രതി കെ.ടി. റമീസ്, നാലാം പ്രതി സന്ദീപ് നായർ എന്നിവരാണു പരസ്പരം അറിയുന്നവർ. റമീസിന്റെ ഇടപാടുകൾ അഞ്ചാം പ്രതി മൂവാറ്റുപുഴ സ്വദേശി ജലാൽ വഴിമാത്രമാണ്. ജലാലുമായാണു ആറാം പ്രതി മലപ്പുറം സ്വദേശി മുഹമ്മദ് ഷാഫിയുടെ ഇടപാട്. താൻ പണം നൽകിയ ഷാഫിയെ മാത്രമേ അറിയാവൂവെന്നാണ് ഏഴാം പ്രതി പെരിന്തൽമണ്ണക്കാരൻ അംജദ് അലിയുടെ മൊഴി. എട്ടാംപ്രതിക്ക് അംജദിനെമാത്രം അറിയാം. സ്വപ്നയെയോ സരിത്തിനെയോ അറിയില്ലെന്നും കണ്ടിട്ടുപോലുമില്ലെന്നാണ് അംജദ് അലി കസ്റ്റംസിനെ അറിയിച്ചത്. ഇങ്ങനെ 16 പ്രതികളാണ് കസ്റ്റംസിന്റെ പ്രതിപ്പട്ടികയിൽ. ഇതിൽ മുഹമ്മദ് ഷാഫി വരെയുള്ളവരെയാണ് എൻ.ഐ.എ. പ്രതിചേർത്തിരിക്കുന്നത്.

അംജദ് അലി സ്വർണം വാങ്ങാൻ 50 ലക്ഷം രൂപ ഷാഫിയെ ഏൽപ്പിച്ചുവെന്നാണ് കേസ്. 50 ലക്ഷത്തിൽ താഴെയാണെങ്കിൽ ജാമ്യം കിട്ടാൻ എളുപ്പമാണ്.

സ്വർണം എങ്ങനെ കൊണ്ടുവരുന്നുവെന്നോ ആര് കൊണ്ടുവരുന്നുവെന്നോ കണ്ണികൾ പരസ്പരം അറിയുന്നില്ലത്രേ. ഇടപാടുകാരന് പണം കൈമാറുമ്പോൾ പറഞ്ഞ സ്വർണം കൃത്യമായി എത്തുമെന്നാണ് മറ്റു പ്രതികളുടെ മൊഴി. സ്വർണം തിരുവനന്തപുരത്തെത്തിയ ജൂൺ 30 മുതൽ നയതന്ത്ര ബാഗേജ് പൊട്ടിച്ച് പരിശോധിച്ച ജൂലൈ അഞ്ചുവരെയുള്ള ദിവസങ്ങളിൽ പണം മുടക്കിയ ഇടപാടുകാരിൽ പലരും സ്വർണം കൈപ്പറ്റാൻ തിരുവനന്തപുരത്ത് തമ്പടിച്ചിരുന്നു. സന്ദീപ് നായരുടെ വീട്ടിൽവച്ചാണ് സ്വർണം വീതംവച്ചു കൊണ്ടുപോയിരുന്നത്.

മൂവാറ്റുപുഴ സ്വദേശി ജലാലാണ് ഇടപാടുകാരിൽനിന്നു പണം പിരിച്ച് റമീസിനു കൈമാറുന്നത്. റമീസ് സന്ദീപിനെയും സന്ദീപ് സരിത്തിനെയും സരിത്ത് സ്വപ്നയെയും കൂട്ടിയാണ് കടത്ത് നടത്തിവന്നത്. സ്വർണം വാങ്ങാൻ 30 ലക്ഷം മുടക്കിയ ഒരാൾക്ക് മൂന്നരലക്ഷം രൂപയാണ് ലാഭമെങ്കിൽ ആ ലാഭം വാങ്ങാതെ അതുൾപ്പെടുത്തി അടുത്ത ലോട്ട് 35 ലക്ഷത്തിന്റെ ഓർഡറാവും നൽകുക. ഇങ്ങനെ 13–ാമത്തെ ലോട്ടിലാണ് തനിക്ക് 50 ലക്ഷം രൂപ മുടക്കാനായതെന്ന് അംജദ് അലി കസ്റ്റംസിനോടു വെളിപ്പെടുത്തി. കള്ളക്കടത്ത് സ്വർണം കൊടുവള്ളിയിലെ ചെറുകിട ജ്വല്ലറിക്കാർ വാങ്ങി ആഭരണമാക്കും. അവരിൽ നിന്നാണു മറ്റു ജ്വല്ലറിക്കാർ വാങ്ങുന്നത്.

50 ലക്ഷം രൂപ കാണിച്ചു ജാമ്യത്തിനു ശ്രമിച്ചപ്പോൾ, 30 കിലോ സ്വർണം കടത്തിയ കേസിൽ 14 കോടി രൂപയുടെ ഇടപാട് നടന്നിട്ടുണ്ടെന്നും എല്ലാ പ്രതികൾക്കും കൂട്ടുത്തരവാദിത്തമാണെന്നും വിലയിരുത്തി കോടതി ജാമ്യം നിഷേധിക്കുകയായിരുന്നു.അംജദ് അലിക്ക് പാലക്കാട് ഇന്റീരിയർ ഡെക്കറേഷൻ ബിസിനസും അനുബന്ധ കമ്പനിയുമുണ്ട്. ഇയാളുടെ 90 ലക്ഷം രൂപ വിലയുള്ള ആഢംബര കാർ പിടികൂടിയിരുന്നു.

ലോക്കറിലേത് കടത്തുസ്വർണം? ശിവശങ്കറിനെ ചോദ്യംചെയ്തേക്കും

● സജിത്ത് പരമേശ്വരൻ
പത്തനംതിട്ട

ബാങ്ക് ലോക്കറിൽ കണ്ടെടുത്ത അഞ്ചുകിലോ സ്വർണം വിവാഹസമ്മാനമാണെന്ന വാദം സ്വപ്ന സുരേഷിനു തിരിച്ചടിയാകും. ഈ സ്വർണവും അനധികൃതമായി കടത്തിയതാണെന്നാണു സൂചന. യു.എ.ഇ. പോലീസിന്റെ കസ്റ്റഡിയിലുള്ള ഫൈസൽ ഫരീദിനെയും കൂട്ടരെയും ചോദ്യംചെയ്ത ശേഷം മുഖ്യമന്ത്രിയുടെ മുൻ പ്രിൻസിപ്പൽ സെക്രട്ടറി എം. ശിവശങ്കറിനെ അന്വേഷണസംഘം വീണ്ടും ചോദ്യംചെയ്തേക്കും.

625 പവൻ സ്വർണമാണ് ബാങ്ക് ലോക്കറിൽ ഉണ്ടായിരുന്നത്. സ്വപ്നയുടെ ആദ്യവിവാഹം യു.എ.ഇയിലായിരുന്നു. ഇത്രയും സ്വർണം ഒറ്റത്തവണയായി ഇന്ത്യയിലെത്തിക്കാൻ നിയമപരമായി കഴിയില്ല. അല്ലെങ്കിൽ വൻ തുക കസ്റ്റംസ് ഡ്യൂട്ടി കൊടുക്കേണ്ടിവരും. പല തവണയായി എത്തിച്ചു എന്ന വാദത്തിനും കഴമ്പില്ല. സ്വപ്ന യു.എ.ഇയിൽനിന്ന് അതിനുംമാത്രം തവണ എത്തിയിട്ടില്ല.

നിലവിലെ നിയമപ്രകാരം സ്ത്രീകൾക്ക് ഒരുതവണ ഒരു ലക്ഷം രൂപ വിലവരുന്ന സ്വർണമേ നിയമപ്രകാരം ഇന്ത്യയിലെത്തിക്കാൻ കഴിയൂ. വിവാഹസമ്മാനം ലഭിച്ചതാണെങ്കിൽ തന്നെ ഇത്രയും സ്വർണം കേരളത്തിലെത്തിച്ചത് കള്ളക്കടത്തിലൂടെയാകാമെന്ന നിഗമനവും ശക്തമാണ്.

സ്വപ്നയുടെ വാദത്തിന്റെ പൊരുളറിയാൻ ലോക്കർ എടുത്ത സമയം, തുറന്നത് എപ്പോഴൊക്കെ എന്നിവയെല്ലാം എൻ.ഐ.എ. പരിശോധിച്ചു. ശിവശങ്കരന്റെ ചാർട്ടേർഡ് അക്കൗണ്ടിനെകൂടി പങ്കാളിയാക്കി സ്വപ്ന ജോയിന്റ് ലോക്കറാണ് എടുത്തത്. ഒരിക്കൽ പോലും ചാർട്ടേർഡ് അക്കൗണ്ടന്റ് ലോക്കർ തുറന്നിട്ടില്ലെന്നാണു വിവരം.

സ്വപ്നയുടെ ഇപ്പോഴത്തെ ഭർത്താവ് അകന്ന ബന്ധുവാണെന്നും ഇതാണു പരിചയത്തിലേക്ക് എത്തിച്ചതെന്നുമാണ് ശിവശങ്കർ ആദ്യം പറഞ്ഞത്. എന്നാൽ, മൊബൈൽ കോൾ ലിസ്റ്റ് പരിശോധിച്ചപ്പോൾ സരിത്തുമായി പല തവണ സംസാരിച്ചിരുന്നെന്നും ഒരു മണിക്കൂർവരെ നീണ്ട സംസാരം നടന്നെന്നും എൻ.ഐ.എ. കണ്ടെത്തി.

യു.എ.ഇയിൽ എത്തിയ എൻ.ഐ.എ. സംഘം സ്വപ്ന സുരേഷും ശിവശങ്കറും നടത്തിയ ഗൾഫ് യാത്രകൾ, അവയുടെ ലക്ഷ്യങ്ങൾ, ആരുമായൊക്കെ അവർ ബന്ധപ്പെട്ടു തുടങ്ങിയ വിവരങ്ങളും അന്വേഷിക്കും.

ശിവശങ്കർ ഇടപെടാത്തതിനു കാരണം ചൈനയുമായുള്ള അതിർത്തിസംഘർഷം

തിരുവനന്തപുരം: കസ്റ്റംസ് തടഞ്ഞുവച്ച നയതന്ത്രബാഗ് വിട്ടുകിട്ടാൻ ശിവശങ്കർ ഇടപെടാത്തതിനു കാരണം ചൈനയുമായുള്ള അതിർത്തി സംഘർഷമാണെന്ന് ഉന്നതവൃത്തങ്ങൾ. അതിർത്തിയിൽ അസ്വസ്ഥത ഉടലെടുത്തതോടെ ചൈനീസ് ഉൽപ്പന്നങ്ങൾ അടങ്ങിയ കണ്ടയ്നറുകൾ വിവിധ തുറമുഖങ്ങളിൽ കെട്ടിക്കിടന്നു. ഈ സാഹചര്യത്തിൽ കസ്റ്റംസ് ക്ലിയറൻസ് ലഭിക്കാൻ സാഹചര്യമില്ലെന്നു ശിവശങ്കർ സ്വപ്നയെ അറിയിച്ചു. സർക്കാർ ഉദ്യോഗസ്ഥൻ എന്ന നിലയിൽ താൻ ഇതിൽ ഇടപെടുന്നത് ശരിയല്ലെന്നും അദ്ദേഹം അറിയിച്ചതോടെ സ്വപ്ന പിന്മാറുകയായിരുന്നു.

ബാങ്കുകളിൽ പരിശോധന

തിരുവനന്തപുരം: സ്വർണക്കടത്ത് കേസിലെ പ്രതികളായ സ്വപ്ന സുരേഷിന്റെയും സരിത്തിന്റെയും ബാങ്ക് ബാലൻസ് അറിയാൻ കസ്റ്റംസ് സംഘം ബാങ്കുകളിൽനിന്ന് തെളിവെടുത്തു. ലൈഫ് മിഷൻ പദ്ധതിയുടെ ഭാഗമായി ഒരു കോടി രൂപ കമ്മിഷൻ ലഭിച്ചെന്നു സ്വപ്ന എൻ.ഐ.എയോട് സമ്മതിച്ചിരുന്നു.

18.5 കോടി രൂപയുടെ കരാറാണ് നിർമാണ കമ്പനിക്ക് ലഭിച്ചത്. 14.5 കോടിയും ഇതിനകം കൈമാറി. ഇത് ആരുടെ അക്കൗണ്ടിൽനിന്നാണ് സ്വപ്നക്ക് തുക കൈമാറിയതെന്നതിനെക്കുറിച്ചാണ് അന്വേഷണം.

രാജ്യസഭ ഉപതെരഞ്ഞെടുപ്പ്: വോട്ടെടുപ്പ് രാവിലെ ഒൻപതു മുതൽ

തിരുവനന്തപുരം: രാജ്യസഭ ഉപതെരഞ്ഞെടുപ്പിന്റെ വോട്ടെടുപ്പ് 24നു രാവിലെ ഒൻപതു മുതൽ വൈകിട്ട് നാലു വരെ നടക്കുമെന്നു മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ ടിക്കാറാം മീണ അറിയിച്ചു. അഞ്ചിനു വോട്ടെണ്ണൽ ആരംഭിക്കും. നിയമസഭാ സമുച്ചയത്തിന്റെ മൂന്നാം നിലയിലുള്ള പാർലമെന്ററി സ്റ്റഡി ഹാളിലാണ് വോട്ടെടുപ്പ്. നാമനിർദ്ദേശപത്രിക സമർപ്പിക്കാനുള്ള അവസാന തീയതി ഇന്നാണ്.

ഇന്നു പത്രിക നൽകും

തിരുവനന്തപുരം: യു.ഡി.എഫ്. രാജ്യസഭാ സ്ഥാനാർഥി ലാൽ വർഗീസ് കൽപകവാടി ഇന്ന് ഉച്ചയ്ക്ക് 12 നു നാമനിർദ്ദേശ പത്രിക സമർപ്പിക്കുമെന്നു യു.ഡി.എഫ്. കൺവീനർ ബെന്നി ബെഹനാൻ അറിയിച്ചു.

ഇ.ജെ. ജയരാജ് എ.ഡി.ജി.പി.

തിരുവനന്തപുരം: ഐ.ജി: ഇ.ജെ. ജയരാജിന് എ.ഡി.ജി.പി. പദവി നൽകാൻ ഇന്നലെ ചേർന്ന മന്ത്രിസഭാ യോഗത്തിൽ തീരുമാനമായി. തീരദേശ സുരക്ഷാവിഭാഗം മേധാവിയായി ജയരാജിനെ നിയമിച്ചേക്കും.

കണ്ടെയ്ൻമെന്റ് സോൺ നിർണയം: പോലീസിനെ വെട്ടി റവന്യു വകുപ്പ്

● എസ്. നാരായൺ
തിരുവനന്തപുരം

● പൂർണ അധികാരം ദുരന്ത നിവാരണ അതോറിറ്റിക്ക്

കോവിഡ് പ്രതിരോധ നടപടികളുടെ ഭാഗമായി കണ്ടെയ്ൻമെന്റ് സോണുകൾ നിശ്ചയിക്കാനുള്ള അധികാരം പോലീസിൽനിന്നു മാറ്റി. ഇതു സംബന്ധിച്ചു റവന്യു പ്രിൻസിപ്പൽ സെക്രട്ടറി ഡോ.എ. ജയതിലക് ഇന്നലെ രാത്രി ഉത്തരവിറക്കി. ദുരന്ത നിവാരണ അതോറിറ്റിക്കായിരിക്കും ഇക്കാര്യത്തിൽ പൂർണ അധികാരമെന്ന് ഉത്തരവിൽ പറയുന്നു.

"ജില്ലാ ദുരന്ത നിവാരണ അതോറിറ്റി നൽകുന്ന റിപ്പോർട്ട് പ്രകാരം സംസ്ഥാന അതോറിറ്റിയായിരിക്കും കണ്ടെയ്ൻമെന്റ് സോണുകൾ നിശ്ചയിക്കുക. ഇത്തരം മേഖലകളിലെ നിയന്ത്രണങ്ങൾ നടപ്പാക്കുന്ന ചുമതലമാത്രമാണ് പോലീസിനുള്ളത്. കണ്ടെയ്ൻമെന്റ് സോണുകൾ പ്രഖ്യാപിക്കുന്നതിനുമുമ്പ് ജനങ്ങൾക്കു നോട്ടീസ് നൽകണം."– ഡോ. ജയതിലകിന്റെ ഉത്തരവിൽ പറയുന്നു.

ഈ ഉത്തരവു സംബന്ധിച്ചു മുഖ്യമന്ത്രിയുടെ ഓഫീസിന്റെ അറിവുണ്ടോയെന്ന കാര്യം വരുംദിവസങ്ങളിൽമാത്രമേ വ്യക്തമാകൂ. ഐ.എ.എസ്. ഉദ്യോഗസ്ഥരുടെ കടുത്ത എതിർപ്പാണ് പുതിയ തീരുമാനത്തിനു പിന്നിലെന്നാണ് സൂചന.

പ്രതിരോധ പ്രവർത്തനങ്ങളുടെ പൂർണ ചുമതല പോലീസിനെ ഏൽപ്പിക്കാൻ കഴിഞ്ഞയാഴ്ച മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന ഉന്നതതല യോഗത്തിലാണ് തീരുമാനിച്ചത്. ഇതനുസരിച്ച് കണ്ടെയ്ൻമെന്റ് സോണുകൾ അടയാളപ്പെടുത്തി നിയന്ത്രണങ്ങൾ നടപ്പാക്കാൻ പോലീസിനു പൂർണ അധികാരം നൽകി.

പൊതുസ്ഥലങ്ങളിൽ ആളുകൾ നിശ്ചിത അകലം പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കുക, ക്വാറന്റൈനിൽ കഴിയുന്നവർ മുങ്ങിയാൽ കണ്ടെത്തുക എന്നത് ഉൾപ്പെടെ നിരവധി ചുമതലകളും പോലീസിനെ ഏൽപ്പിച്ചിരുന്നു. എന്നാൽ, ഈ തീരുമാനത്തിനെതിരേ ഐ.എ.എസ്. ഉദ്യോഗസ്ഥരും റവന്യു ഉദ്യോഗസ്ഥരും ആരോഗ്യപ്രവർത്തകരും രംഗത്തെത്തി. ചീഫ് സെക്രട്ടറിയോടു ജില്ലാ കലക്ടർമാർ പരാതിപ്പെടുകയും ചെയ്തു. കോവിഡ് പ്രതിരോധത്തിന്റെ ഭാഗമായുള്ള പോലീസ് ഇടപെടൽ നെല്ലിക്ക പോലെയാണെന്നും "ആദ്യം കയ്ക്കും പിന്നെ മധുരിക്കും" എന്നും മുഖ്യമന്ത്രി വിശദീകരിച്ചിരുന്നു. സംസ്ഥാന കോവിഡ് പ്രോട്ടോകോൾ ഓഫീസറായി എറണാകുളം ഐ.ജി: വിജയ് സാക്കറെ നിയമിക്കുകയും ചെയ്തിരുന്നു.

സ്വകാര്യ ലാബുകൾക്ക് വാക്ക് ഇൻ കോവിഡ് ടെസ്റ്റിന് അനുമതി

● പൊതുജനങ്ങൾക്ക് സ്വമേധയാ കോവിഡ് പരിശോധന നടത്താം

തിരുവനന്തപുരം: സംസ്ഥാനത്ത് സർക്കാർ അംഗീകൃത സ്വകാര്യ ലാബുകൾക്ക് വാക്ക് ഇൻ കോവിഡ്–19 ടെസ്റ്റ് നടത്താൻ അനുമതി. താൽപ്പര്യമുള്ളവർക്ക് ഇനി സ്വമേധയാ അംഗീകൃത സ്വകാര്യ ആശുപത്രികളിലും ലാബുകളിലും കോവിഡ് പരിശോധന നടത്താം. രോഗ വിവരം നേരത്തെ കണ്ടെത്താൻ ഇതുവഴി സാധിക്കുമെന്നു മന്ത്രി കെ.കെ. ശൈലജ പറഞ്ഞു. സർക്കാർ നിശ്ചയിച്ച നിരക്കു മാത്രമേ സ്വകാര്യ ലാബുകൾ ഈടാക്കാവൂ. ഡോക്ടറുടെ കുറിപ്പടിയുള്ള പരിശോധനയ്ക്ക് മുൻഗണന നൽകും. അതേസമയം കുറിപ്പടി നിർബന്ധമല്ല. പരിശോധനയ്ക്ക് വിധേയമാകുന്ന വ്യക്തി സമ്മതപത്രം നൽകണം.

മറ്റു മാർഗനിർദേശങ്ങൾ:

- ആരോഗ്യ വകുപ്പിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്വകാര്യ ലാബിനെ കോവിഡ് പരിശോധനയ്ക്കായി സമീപിക്കാം.
- ഏതെങ്കിലും ഒരു ഐഡി കാർഡിന്റെ പകർപ്പ് ലാബിൽ നൽകണം.
- ലാബുകൾക്കും ആശുപത്രികൾക്കും കോവിഡ് വാക്ക് ഇൻ കിയോസ്ക് (വിസ്ക്) മാതൃക സ്വീകരിക്കാം.
- ആദ്യത്തെ 20 സ്രവ ശേഖരണത്തിന് ഡോക്ടർ മേൽനോട്ടം വഹിക്കണം.
- പരിശോധനയ്ക്ക് വരുന്ന വ്യക്തികൾക്ക് കോവിഡ് സംബന്ധിച്ച കൗൺസിലിങ് നൽകണം.
- ഫലം നെഗറ്റീവായാലും രോഗലക്ഷണമുണ്ടെങ്കിൽ 14 ദിവസം സമൂഹവുമായുള്ള സമ്പർക്കം ഒഴിവാക്കാൻ നിർദേശിക്കണം.
- പോസിറ്റീവായാൽ ദിശ 1056ൽ വിളിച്ച് തുടർനടപടി സ്വീകരിക്കണം.
- ലാബ് ഇൻചാർജ് രോഗിയുടെ വിശദാംശങ്ങൾ ഉറപ്പുവരുത്തണം. മാർഗനിർദേശങ്ങൾ അനുസരിച്ച് ഫലങ്ങൾ തത്സമയം ഓൺലൈനിൽ റിപ്പോർട്ട് ചെയ്യണം.

മാധ്യമപ്രവർത്തകർക്കെതിരായ പ്രചാരണം അപകീർത്തികരവും ലൈംഗിക ചുവയുള്ളതുമെന്ന് അന്വേഷണ റിപ്പോർട്ട്

തിരുവനന്തപുരം: മാധ്യമപ്രവർത്തകർക്കുനേരെയുള്ള സൈബർ ആക്രമണം സംബന്ധിച്ച അന്വേഷണ റിപ്പോർട്ട് തിരുവനന്തപുരം റേഞ്ച് ഡി.ഐ.ജി. സഞ്ജയ്കുമാർ ഗുരുഡിൻ ഡി.ജി.പി. ലോക്നാഥ് ബെഹ്റയ്ക്കു കൈമാറി.

മാധ്യമപ്രവർത്തകർക്കെതിരേയുള്ള ഫെയ്സ് ബുക്ക് പോസ്റ്റുകൾ അപകീർത്തികരവും മാനഹാനി ഉണ്ടാക്കുന്നവയും ലൈംഗിക ചുവയുള്ളതുമാണെന്നു റിപ്പോർട്ടിലുണ്ട്. കേരള പത്രപ്രവർത്തക യൂണിയൻ ഉൾപ്പെടെ നൽകിയ പരാതികളെത്തുടർന്നാണ് അന്വേഷിച്ച് 24 മണിക്കൂറിനുള്ളിൽ റിപ്പോർട്ട് നൽകാൻ ഡി.ജി.പി. ആവശ്യപ്പെട്ടത്.

ഫോണിൽ കിട്ടുന്നില്ല, വിലാസവും തെറ്റ്; കോവിഡ് രോഗിയെത്തേടി നെട്ടോട്ടം

കാഞ്ഞങ്ങാട്: കോവിഡ് പരിശോധനാഫലം പോസിറ്റീവായ രോഗിയെ കണ്ടെത്താനാകാതെ ആരോഗ്യപ്രവർത്തകർ നെട്ടോട്ടത്തിൽ. പരിശോധനാ സമയത്ത് ദീപൻ സിങ് എന്ന പേരു നൽകിയ രാജസ്ഥാൻ സ്വദേശിയാണു ആരോഗ്യപ്രവർത്തകരെ വട്ടംകറക്കുന്നത്.

കഴിഞ്ഞ ദിവസമാണ് ഇയാളുടെ പരിശോധനാഫലം പോസിറ്റീവായത്. എന്നാൽ, ഇയാളെ ആശുപത്രിയിലെത്തിക്കാൻ, സ്രവ പരിശോധനാ സമയത്ത് നൽകിയ ഫോൺ നമ്പറിലേക്ക് പോലീസ് പലതവണ വിളിച്ചിട്ടും ഫലമുണ്ടായില്ല. അവസാനം ഇയാൾ വിലാസമായി നൽകിയ ക്വാട്ടേഴ്സിലേക്ക് പോലീസും ആംബുലൻസും എത്തുകയായിരുന്നു. പക്ഷേ ആളെ കണ്ടെത്താനായില്ല. ഒടുവിൽ തൊഴിലുടമയായ രാംസിങ്ങിന്റെ നമ്പർ പോലീസിനു കിട്ടി. രാംസിങ്ങിനെ കണ്ടെത്തി ദീപൻ സിങിനെ തിരക്കിയപ്പോൾ അങ്ങനെയൊരു പേരിൽ ആരും തന്റെ കീഴിൽ പണിയെടുക്കുന്നില്ലെന്ന മറുപടിയാണ് ലഭിച്ചത്.

ഇതോടെയാണു പരിശോധനാസമയത്തു നൽകിയ പേരും വിലാസവും വ്യാജമാണെന്നു സംശയമുണ്ടായത്. കോവിഡ് പോസിറ്റീവ് ആയ വ്യക്തിയെ കണ്ടെത്താനാകാതെ വന്നതോടെ നാട്ടുകാരും ആരോഗ്യ വകുപ്പും പോലീസും ആശങ്കയിലായി. ഇയാൾക്കു വേണ്ടി അന്വേഷണം ഊർജിതമാക്കിയിട്ടുണ്ട്.

സംസ്ഥാനത്ത് പരക്കെ പരാതി

● ഒന്നാംപേജ് തുടർച്ച

ഇതേപരാതികൾ സംസ്ഥാനത്തെമ്പാടു നിന്നും ഉയരുന്നുണ്ട്. വയനാട്, പുൽപ്പള്ളിയിലെ ബാങ്ക് മാനേജർ കോവിഡ് ബാധിതനായ വിവരം ഒരുദിവസം വൈകിയാണു മുഖ്യമന്ത്രി പത്രസമ്മേളനത്തിലൂടെ അറിയിച്ചത്. ബാങ്കിലെത്തിയവർക്കു പുറമേ സുഹൃത്തുക്കളുമായും പുൽപ്പള്ളി പട്ടണത്തിലെ മറ്റാളുകളുമായും ഇദ്ദേഹത്തിനു സമ്പർക്കമുണ്ടായിരുന്നു.

മുഖ്യമന്ത്രിയുടെ പത്രസമ്മേളനത്തിൽ വിവരം ഉൾപ്പെട്ടില്ലെങ്കിലും ജില്ലാ അധികൃതർ അന്നു വൈകിട്ടുതന്നെ വിവരം പുറത്തുവിട്ടതുമൂലം സമ്പർക്കപ്പട്ടികയിലുള്ളവർക്കു ജാഗ്രത പുലർത്താനായി. അല്ലായിരുന്നെങ്കിൽ പ്രാഥമിക, ദ്വിതീയ സമ്പർക്കപ്പട്ടികയിലുള്ളവർ കൂടുതൽപ്പേരുമായി ഇടപഴകുമായിരുന്നു. കൽപ്പറ്റ പട്ടണത്തിലും പരിസരങ്ങളിലും വീടുകൾ കയറിയിറങ്ങി തുണിവ്യാപാരം നടത്തുന്ന തമിഴ്നാട് സ്വദേശിക്കു രോഗം സ്ഥിരീകരിച്ചിട്ടും വെളിപ്പെടുത്താൻ പിറ്റേന്നു വൈകിട്ട് മുഖ്യമന്ത്രിയുടെ പത്രസമ്മേളനം വരെ കാത്തിരിക്കേണ്ടിവന്നു. ഈ സമയത്തിനുള്ളിൽ സമ്പർക്കപ്പട്ടികയിലുള്ളവരുടെ എണ്ണം വർധിച്ചു. കൽപ്പറ്റ, പുത്തൂർവയൽ പ്രദേശങ്ങളിൽ നിരവധി കുടുംബങ്ങൾ നിരീക്ഷണത്തിൽ കഴിയേണ്ടിവന്നു. മാനന്തവാടി ചെറ്റപ്പാലത്തു രണ്ടുപേർ കോവിഡ് ബാധിതരായതു മൂന്നുദിവസം കഴിഞ്ഞാണു മുഖ്യമന്ത്രി പുറത്തുവിട്ടത്. രോഗികളെ നിരീക്ഷണത്തിലാക്കാൻ അധികൃതർക്കു കഴിഞ്ഞെങ്കിലും സമ്പർക്കമുണ്ടായവരിൽ പലരും വിവരമറിഞ്ഞില്ല. അവർക്കു മറ്റുള്ളവരുമായും സമ്പർക്കമുണ്ടായി. കൽപ്പറ്റയിലെ ഒരു വ്യാപാരി കോവിഡ് ബാധിച്ച് മരിച്ചതു മൂന്നാംദിവസമാണു മുഖ്യമന്ത്രിയുടെ പത്രസമ്മേളനത്തിൽ പരാമർശിക്കപ്പെട്ടത്. അതിനു മുമ്പേ കൽപ്പറ്റ പട്ടണം കണ്ടെയ്ൻമെന്റ് സോണായി ജില്ലാ കലക്ടർ പ്രഖ്യാപിച്ചെങ്കിലും ആളുകൾ ആശയക്കുഴപ്പത്തിലായി.

രണ്ടാഴ്ച മുമ്പ് മലപ്പുറം കൊണ്ടോട്ടിക്കടുത്ത്, പുളിക്കൽ അരൂരിൽ വിരുന്നിനെത്തിയ 11 മാസം പ്രായമുള്ള കുഞ്ഞ് കോവിഡ് ബാധിച്ച് മരിച്ചതു സ്ഥിരീകരിക്കാനും പിറ്റേന്നു മുഖ്യമന്ത്രിയുടെ പത്രസമ്മേളനംവരെ കാത്തിരുന്നതായി ആരോപണമുയർന്നിരുന്നു. തുടക്കത്തിൽ ഏറ്റവും കൂടുതൽ സമ്പർക്കരോഗികളുണ്ടായ ജില്ലയായി കണ്ണൂർ മാറാൻ കാരണവും ഇതേ ആശയക്കുഴപ്പമാണ്. ചെറുപുഴയിലെ ലോഡ്ജിൽ താമസിച്ചിരുന്നയാൾക്കു കോവിഡ് സ്ഥിരീകരിച്ചത് ക്വാറന്റൈൻ പൂർത്തിയാക്കി പരിശോധന നടത്തിയപ്പോഴാണ്. എന്നാൽ, വൈകിട്ട് മുഖ്യമന്ത്രിയുടെ പത്രസമ്മേളനത്തിനുശേഷമാണ് ആരോഗ്യവകുപ്പ് ഇദ്ദേഹത്തെ ആശുപത്രിയിലാക്കിയത്.

ഇരിട്ടി മുഴക്കുന്ന് സ്വദേശിയായ കെ.എസ്.ആർ.ടി.സി. ഡ്രൈവർ, ഇരിട്ടി നഗരത്തിലെ വ്യാപാരി, മറ്റൊരു വ്യാപാരസ്ഥാപനത്തിലെ ജീവനക്കാരൻ, എടക്കാനത്ത് ക്ഷേത്രദർശനം ഉൾപ്പെടെ നടത്തിയ സ്ത്രീ എന്നിവർക്കു രോഗം സ്ഥിരീകരിച്ചതിലും കാലതാമസമുണ്ടായി. ഇരിട്ടി പയഞ്ചേരിയിൽ പ്രവാസിയുവാവ് നിരീക്ഷണകാലയളവിലെ പരിശോധനാഫലം അറിയാൻ വൈകിയതിനാൽ കൂത്തുപറമ്പിലെ തറവാട്ടിലേക്കു താമസം മാറ്റിയതുപോലും വൈകിയാണ് അധികൃതർ അറിഞ്ഞത്.

Aster
We'll Treat You Well
Aster DM Healthcare Limited

CIN : L85110KL2008PLC021703
രജിസ്റ്റേർഡ് ഓഫീസ്: IX/475L, ആസ്റ്റർ മെഡ്സിറ്റി, കുട്ടിസാഹിബ് റോഡ്, കോതാട് പാലത്തിന് സമീപം
സൗത്ത് ചിറ്റൂർ പി.ഒ., ചേരാനല്ലൂർ, കൊച്ചി 682027, കേരള, ഇന്ത്യ T: 0484 6699228
E: investors@asterdmhealthcare.com W: www.asterdmhealthcare.com

2020 ജൂൺ 30ന് അവസാനിച്ച ത്രൈമാസത്തിന്റെ ഓഡിറ്റ് ചെയ്യപ്പെടാത്ത സാമ്പത്തിക ഫലങ്ങളുടെ പ്രസ്താവന

(തുക കോടി ഇന്ത്യൻ രൂപയിൽ, പ്രതി ഓഹരി ഡാറ്റ ഒഴികെ)

ഇനങ്ങൾ	ഏകീകരിച്ചത്				വേർതിരിച്ചത്			
	ത്രൈമാസത്തിൽ			വർഷാന്ത്യത്തിൽ	ത്രൈമാസത്തിൽ			വർഷാന്ത്യത്തിൽ
	30 ജൂൺ 2020	31 മാർച്ച് 2020	30 ജൂൺ 2019	31 മാർച്ച് 2020	30 ജൂൺ 2020	31 മാർച്ച് 2020	30 ജൂൺ 2019	31 മാർച്ച് 2020
	ഓഡിറ്റ് ചെയ്യപ്പെടാത്തത്	ഓഡിറ്റ് ചെയ്തത്	ഓഡിറ്റ് ചെയ്യപ്പെടാത്തത്	ഓഡിറ്റ് ചെയ്തത്	ഓഡിറ്റ് ചെയ്യപ്പെടാത്തത്	ഓഡിറ്റ് ചെയ്തത്	ഓഡിറ്റ് ചെയ്യപ്പെടാത്തത്	ഓഡിറ്റ് ചെയ്തത്
ആകെ വരുമാനം	1,767.15	2,327.94	2,031.84	8,776.37	135.40	209.73	171.18	874.93
നികുതിയൊഴികെയുള്ള അറ്റാദായം / (നഷ്ടം)	(84.72)	146.26	12.28	330.04	(27.51)	0.33	(16.86)	64.61
നികുതി കഴിഞ്ഞുള്ള അറ്റാദായം / (നഷ്ടം)	(88.59)	146.31	10.05	314.66	(27.52)	0.20	(16.86)	60.61
ആകെ മൊത്തവരുമാനം / (നഷ്ടം)	(76.79)	242.90	(1.09)	459.27	(27.55)	(0.14)	(16.82)	60.36
ഇക്വിറ്റി ഓഹരി മൂലധനം	499.52	499.52	505.23	499.52	499.52	499.52	505.23	499.52
ഇതര ഇക്വിറ്റി	-	-	-	2,772.62	-	-	-	2,431.08
പ്രതി ഓഹരി ആദായം (മുഖവില 10 രൂപ വീതം)	വർഷത്തേയ്ക്ക് അല്ലാത്തത്	വർഷത്തേയ്ക്ക് അല്ലാത്തത്	വർഷത്തേയ്ക്ക് അല്ലാത്തത്	വർഷത്തേയ്ക്ക്	വർഷത്തേയ്ക്ക് അല്ലാത്തത്	വർഷത്തേയ്ക്ക് അല്ലാത്തത്	വർഷത്തേയ്ക്ക് അല്ലാത്തത്	വർഷത്തേയ്ക്ക്
അടിസ്ഥാന പ്രതി ഓഹരി ആദായം	(1.67)	2.61	0.06	5.51	(0.55)	0.01	(0.34)	1.21
ലഘൂകരിച്ച പ്രതി ഓഹരി ആദായം	(1.67)	2.61	0.06	5.50	(0.55)	0.01	(0.34)	1.21

- 2020 ജൂൺ 30 ന് അവസാനിച്ച പാദവർഷത്തിലെ കമ്പനിയുടെ ഓഡിറ്റ് ചെയ്യാത്ത ഏകീകരിച്ചതും (കൺസോളിഡേറ്റഡ്) വേർതിരിച്ചതുമായ (സ്റ്റാൻഡ് എലോൺ) ധനകാര്യഫലങ്ങൾ 2020 ആഗസ്റ്റ് 12നു ബോർഡിന്റെ ഓഡിറ്റ് കമ്മിറ്റി വിലയിരുത്തുകയും 2020 ആഗസ്റ്റ് 12 നു നടന്ന ബോർഡ് ഓഫ് ഡയറക്ടേഴ്സ് യോഗം അംഗീകരിക്കുകയും ചെയ്തു.
- സെബി(ലിസ്റ്റിംഗ് ഒബ്ലിഗേഷൻസ് & ഡിസ്ക്ലോഷർ റിക്വയർമെന്റ്സ്) റെഗുലേഷൻസ്, 2015 ലെ റെഗുലേഷൻ 33 നു കീഴിൽ സ്റ്റോക്ക് എക്സ്ചേഞ്ചുകൾക്കു സമർപ്പിച്ചിട്ടുള്ള പാദവാർഷിക ധനകാര്യഫലങ്ങളുടെ വിശദമായ രൂപത്തിൽ നിന്നുള്ള സംക്ഷിപ്തമായ വിവരങ്ങളാണ് മുകളിൽ കൊടുത്തിരിക്കുന്നത്. പാദവാർഷിക ധനകാര്യപ്രസ്താവനയുടെ വിശദരൂപം കമ്പനി വെബ്സൈറ്റായ www.asterdmhealthcare.com/investors ലും ബി എസ് ഇ വെബ്സൈറ്റായ https://www.bseindia.com ലും എൻ എസ് ഇ വെബ്സൈറ്റായ https://www.nseindia.com ലും ലഭ്യമാക്കിയിട്ടുണ്ട്.
- കമ്പനിയുടെ സ്റ്റാറ്റ്യൂട്ടറി ഓഡിറ്ററായ ബി എസ് ആർ & അസോസിയേറ്റ്സ് LLP യുടെ പരിമിത അവലോകനത്തിനു വിധേയമാക്കിയിട്ടുള്ളതാണ് ധനകാര്യ പ്രസ്താവന. ഓഡിറ്ററുടെ അവലോകനറിപ്പോർട്ട് അൺക്വാളിഫൈഡ് ആണ്.

ആസ്റ്റർ ഡിഎം ഹെൽത്ത് കെയർ ലിമിറ്റഡിനു വേണ്ടി

ഒപ്/-
ഡോ.ആസാദ് മൂപ്പൻ
DIN: 00159403
ചെയർമാൻ & മാനേജിംഗ് ഡയറക്ടർ

സ്ഥലം: ദുബായ്
തീയതി: ആഗസ്റ്റ് 12, 2020